**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5214** **21-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതിയെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി 6 അംഗ സമിതി 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന ശീർഷകത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു.<br><br>രാഷ്ട്രനിർമ്മാണ പ്രക്രിയയ്ക്ക് പൂർണ്ണമായും സഹായമാകുന്ന ഉദാത്ത നയങ്ങളല്ല നിലവിലുള്ളതെങ്കിലും, പുതിയ ദേശീയ നയം രാജ്യത്തിന് വലിയ ദോഷമുണ്ടാകുക തന്നെ ചെയ്യും. “Inclusiveness” അഥവാ<br><br>" ഉൾക്കൊള്ളൽ” സമീപനം ആദ്യമേ നീക്കം ചെയ്യപ്പെടുന്നതോടെ, വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിനു മാത്രമായി ചുരുങ്ങിപ്പോകും. ദളിതർക്കും, പിന്നോക്ക വിഭാഗങ്ങൾക്കും, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അർഹമായ സംവരണ (reservations) ത്തെപ്പറ്റി നയരേഖയിൽ ഒരു പരാമർശവുമില്ല. വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യ വൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020, പഠനച്ചിലവ് ഉയരുന്നതിനും, വിദ്യാർത്ഥികൾ തമ്മിലുള്ള സാമൂഹികമായ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുന്നതിനും തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിനും കാരണമാകും. സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠനചെലവ് സർക്കാർ വഹിക്കണമെന്നത് NEP യുടെ പരിഗണനാവിഷയമേ അല്ല. പൂർത്തീകരിക്കുന്ന ഏതെങ്കിലും പഠന |

| | | | |
|---|---|---|---|
| | | | ഘട്ടത്തിൽ ലഭ്യമാവുന്ന സർട്ടിഫിക്കറ്റി ന്റെയോ, തൊഴിലധിഷ്ഠിത പരിശീലന ത്തിന്റേയോ പിൻബലത്തിൽ വിദ്യാർത്ഥി കൾക്ക് സമഗ്രവിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ലഭ്യമായെന്നു വരില്ല. നവലിബറൽ മുതലാളിത്തം ആവശ്യപ്പെടുന്ന രീതിയിൽ, ഒരു ചെറിയ വിഭാഗത്തിനു മാത്രം executive ജോലികൾ ലഭിക്കുകയും, മറ്റുള്ളവർ തൊഴിൽ കമ്പോളത്തിന്റെ ഭാഗമാകുകയും ചെയ്യുമെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ; | (ബി) | പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി 6 അംഗ സമിതി 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന ശീർഷകത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു.<br><br>രാഷ്ട്രനിർമ്മാണ പ്രക്രിയയ്ക്ക് പൂർണ്ണമായും സഹായമാകുന്ന ഉദാത്ത നയങ്ങളല്ല നിലവിലുള്ളതെങ്കിലും, പുതിയ ദേശീയ നയം രാജ്യത്തിന് വലിയ ദോഷമുണ്ടാകുക തന്നെ ചെയ്യും. “Inclusiveness” അഥവാ<br><br>" ഉൾക്കൊള്ളൽ” സമീപനം ആദ്യമേ നീക്കം ചെയ്യപ്പെടുന്നതോടെ, വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിനു മാത്രമായി ചുരുങ്ങിപ്പോകും. ദളിതർക്കും, പിന്നോക്ക വിഭാഗങ്ങൾക്കും, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അർഹമായ സംവരണ (reservations) ത്തെപ്പറ്റി നയരേഖയിൽ ഒരു പരാമർശവുമില്ല. വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യ വൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020, പഠനച്ചിലവ് ഉയരുന്നതിനും, വിദ്യാർത്ഥികൾ തമ്മിലുള്ള സാമൂഹികമായ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുന്നതിനും തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിനും കാരണമാകും. സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠനചെലവ് സർക്കാർ വഹിക്കണമെന്നത് NEP യുടെ പരിഗണനാവിഷയമേ അല്ല. പൂർത്തീകരിക്കുന്ന ഏതെങ്കിലും പഠന ഘട്ടത്തിൽ ലഭ്യമാവുന്ന സർട്ടിഫിക്കറ്റി ന്റെയോ, തൊഴിലധിഷ്ഠിത പരിശീലന ത്തിന്റേയോ പിൻബലത്തിൽ വിദ്യാർത്ഥി കൾക്ക് സമഗ്രവിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ലഭ്യമായെന്നു വരില്ല. നവലിബറൽ മുതലാളിത്തം ആവശ്യപ്പെടുന്ന രീതിയിൽ, ഒരു ചെറിയ വിഭാഗത്തിനു മാത്രം executive ജോലികൾ ലഭിക്കുകയും, മറ്റുള്ളവർ |

| | | | |
|---|---|---|---|
| | | | തൊഴിൽ കമ്പോളത്തിന്റെ ഭാഗമാകുകയും ചെയ്യുമെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട് . |
| (സി) | ദേശീയ വിദ്യാഭ്യാസ നയപ്രകാരമുള്ള നാലുവർഷ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിൽ പ്രൊഫഷണൽ പ്രോഗ്രാമുകൾ മിക്കവാറും 4 വർഷ ദൈർഘ്യമുള്ളവയാണ്. 4 വർഷ ഡിഗ്രി കോഴ്സുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട്/ സിലബസ് യു.ജി.സി നിർദ്ദേശങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ സർവ്വകലാശാലകൾ രൂപകൽപ്പന ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലെ 3 വർഷ ബിരുദ പ്രോഗ്രാമുകൾ 4 വർഷ പ്രോഗ്രാമുകളായി യാന്ത്രികമായി മാറ്റാൻ കഴിയില്ല. ഇതിന് ആവശ്യമായ അക്കാദമിക് പശ്ചാത്തല സൗകര്യങ്ങൾ സർവ്വകലാ ശാലകളിലും കോളേജുകളിലും അധികമായി കണ്ടെത്തേണ്ടിവരും. ഇത് വിദ്യാർത്ഥികളുടെ പഠനചെലവ് വർദ്ധിക്കാനും പഠനം പൂർത്തീകരിക്കാതെയുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനും ഇടയാക്കിയേക്കാം. |

സെക്ഷൻ ഓഫീസർ